എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

**Oorja Pathrika** | A Newsletter from **Energy Management Centre- Kerala**

വാല്യം- 3, ലക്കം 05 | 2022 മെയ് 05




## ഇ.എം.സി റിസോഴ്സ് പേഴ്സൺ ശിൽപ്പശാല സംഘടിപ്പിച്ചു

എനർജി മാനേജ്മെന്റ് സെന്ററിന്റെ പദ്ധതികളും ഊർജ്ജ സംരക്ഷണ ബോധവൽക്കരണവും പൊതുജനങ്ങളിലെത്തിക്കാനായുള്ള ഇ.എം.സി റിസോഴ്സ് പേഴ്സൺ ശിൽപ്പശാല സംഘടിപ്പിച്ചു. ഏപ്രിൽ മാസം 28,29 തീയതികളിൽ ഇ.എം.സി ആഡിറ്റോറിയത്തിൽ വച്ച് പരിപാടി സംഘടിപ്പിച്ചു.

രണ്ട് ദിവസത്തെ ക്യാമ്പായി സംഘടിപ്പിച്ച പരിപാടിയിൽ കേരളത്തിന്റെ വിവിധ ഇടങ്ങളിൽ നിന്നുമായി 140ൽ ആധികം ആളുകൾ പങ്കെടുത്തു.

ഇ.എം.സി ഡയറക്ടർ ഡോ. ആർ ഹരികുമാറിന്റെ ആമുഖ പ്രസംഗത്തോടെ ആരംഭിച്ച പരിപാടിയിൽ ഇ.എം.സി രജിസ്ട്രാർ ശ്രീ. ബി. വി. സുഭാഷ് ബാബു സ്വാഗതം ആശംസിച്ചു. രണ്ടു ദിവസങ്ങളിലായി ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ചും ഇ.എം.സിയുടെ പദ്ധതികളെക്കുറിച്ചും ഇ.എം.സിയിലെ വിവിധ ഉദ്യോഗസ്ഥർ ക്ലാസ്സുകൾ നയിച്ചു.

പരിപാടിയുടെ രണ്ടാം ദിവസം പ്രശസ്ത മജീഷ്യൻ ഗോപിനാഥ് മുതുകാട് അംഗങ്ങളുമായി സംവദിച്ചു. ഇ.എം.സി ജോയിന്റ് ഡയറക്ടർ ശ്രീ. ദിനേശ്കുമാർ എ. എൻ പരിപാടിക്ക് നന്ദി പ്രകാശിപ്പിച്ചു.

## ‘ഊർജ്ജയാൻ’ പദ്ധതി പുരോഗമിക്കുന്നു



നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ കൂട്ടിയിണക്കിയ 'ഊർജ്ജയാൻ' പദ്ധതി പുരോഗമിക്കുന്നു.

'ഊർജ്ജയാൻ' പദ്ധതിയുടെ ഭാഗമായി ഇരിഞ്ഞാലക്കുട നിയോജക മണ്ഡലത്തിലെ മുരിയാട് പഞ്ചായത്ത് ഓഫീസ് ഊർജ്ജകാര്യക്ഷമമാക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. മുരിയാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഊർജ്ജകാര്യക്ഷമമല്ലാത്ത ഉപകരണങ്ങൾ മാറ്റി ഊർജ്ജകാര്യക്ഷമമായ 23 എൽ.ഇ.ഡി ട്യൂബ് ലൈറ്റുകളും, 26 സീലിംഗ് ഫാനുകളും, 9 എൽ.ഇ.ഡി ബൾബുകളും സ്ഥാപിക്കും.

തൃശ്ശൂർ ജില്ലയിലെ 10 നിയോജക മണ്ഡലങ്ങളിലും തിരുവനന്തപുരം ജില്ലയിലെ നേമം, കഴക്കൂട്ടം എന്നീ നിയോജകമണ്ഡലങ്ങളിലുമാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. പദ്ധതിയുടെ ഭാഗമായി നേമം നിയോജക മണ്ഡലത്തിലെ ഗവ: യു. പി.എസ്സ് കൊഞ്ചിറവിളയിൽ നിലവിൽ ഊർജ്ജകാര്യക്ഷമമല്ലാത്ത ഉപകരണങ്ങൾ മാറ്റി ഊർജ്ജകാര്യക്ഷമമായ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

# India hosted Clean Energy Ministerial Senior Officials meeting




India hosted the Clean Energy Ministerial (CEM) senior officials meetings starting from 2022 April 6 to 8. The meeting is being organised to review the work of various workstreams in Clean Energy Policies. The Clean Energy Ministerial (CEM) is a high-level global forum of 29 member countries to promote policies and programmes that advance clean energy technology.

In the event, the Government of India and the United Kingdom lead the plenary dialogue on the future of Energy Transition. International Energy Agency, International Renewable Energy Agency and UN High-Level Action Champions presented the emerging findings of the State of Sectoral Transitions (SoST) draft report, summarising chosen methodologies and the overall trajectory of their work

The opening session dealt with the “Transition Agenda” with welcome remarks by Additional Secretary, Union Ministry of Power, followed by a keynote address by the Secretary, Union Ministry of Environment, Forest and Climate Change. This was followed by discussions on topics such as Clean Power, Green Steel and Hydrogen.

The second session was dedicated to "Scaling-Up Clean Energy Innovation and Actions – Investment Opportunities". This commenced with opening remarks by the session chair, Additional Secretary, NITI Aayog. The key speakers for this session were: Director General, International Solar Alliance; Additional Secretary & Financial Adviser, Ministry of Power; Advisor, Ministry of Finance; Managing Director and CEO, Invest India; Chairman, IREDA; Chairman and Managing Director, Power Finance Corporation and Chairman and Managing Director, Rural Electrification Corporation.



# New Surface Coating to Improve Power Plant Efficiency

The company Mesophase is developing a more efficient power plant steam condenser that leverages a surface coating developed in the lab of Dr. Evelyn Wang, (Ford Professor of Engineering and Head of the Department of Mechanical Engineering). Such condensers, which convert steam into water, sit at the heart of the energy extraction process in most of the world’s power plants. This technology bagged the 2022 Water Innovation Prize.

Based on lab tests, the company predicts it can increase power plant output by up to 7 percent using existing infrastructure. Because steam condensers are used around the world, this advance could help increase global electricity production by 500 terawatt-hours per year, which is equivalent to the electricity supply for about 1 billion people.

For more: [http://surl.li/bxkwg](http://surl.li/bxkwg)




# ചൈതന്യം പദ്ധതി; സർക്കാർ ആശുപത്രികൾ ഊർജ്ജ കാര്യക്ഷമതയിലേക്ക്

സർക്കാർ ആശുപത്രികളിലെ ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്നതിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കിവരുന്ന ചൈതന്യം പദ്ധതി പാലക്കാട്ടെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ പൂർത്തിയാക്കി. ഊർജ്ജകാര്യക്ഷമത കുറഞ്ഞതും കാലപ്പഴക്കം ചെന്നതുമായ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

പദ്ധതി നടപ്പിലാക്കിയതിലൂടെ പ്രതിവർഷം 84,000 യൂണിറ്റ് വൈദ്യുതി ലാഭം പ്രതീക്ഷിക്കുന്നു.

ഇതിന്റെ ഭാഗമായി ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ട്യൂബ് ലൈറ്റുകൾക്കും സി.എഫ്. എല്ലുകൾക്കും പകരം ഊർജ്ജ കാര്യക്ഷമമായ 312 എൽ.ഇ.ഡി ട്യൂബുകൾ, 24 എൽ.ഇ.ഡി ബൾബുകൾ, 13 എൽ.ഇ.ഡി തെരുവുവിളക്കുകൾ എന്നിവ സ്ഥാപിച്ചു.

ഇതോടൊപ്പം കാലപ്പഴക്കം ചെന്നതും ഊർജ്ജ കാര്യക്ഷമമല്ലാത്തതുമായ 47 സീലിംഗ് ഫാനുകൾ മാറ്റി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സ്റ്റാർ റേറ്റിംഗുള്ള ഫാനുകൾ സ്ഥാപിച്ചു.



# ക്ലീൻ എനർജി ഇൻകുബേഷൻ സെന്ററിന്റെ ആദ്യ യോഗം സംഘടിപ്പിച്ചു

ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററിന്റെ കേരളത്തിലെ ടെക്നിക്കൽ എംപവർമെന്റ് കമ്മിറ്റിയുടെ ആദ്യ യോഗം സംഘടിപ്പിച്ചു. 2022 ഏപ്രിൽ 22 ന് കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെ-ഡിസ്ക്) ഓഫീസിൽ വച്ച് യോഗം സംഘടിപ്പിച്ചു.

യോഗത്തിൽ കമ്മിറ്റി അംഗങ്ങളായ ഡോ. പി.വി ഉണ്ണികൃഷ്ണൻ (മെമ്പർ സെക്രട്ടറി, കെ-ഡിസ്ക്), ശ്രീ. നരേന്ദ്രനാഥ് വേലൂരി ഐഎഫ്എസ് (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട്), ശ്രീ. അനിൽ കുമാർ വി.സി (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, കേരള സർക്കാർ), ശ്രീ. രാജ്കുമാർ എസ് (ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ഐടി), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്), ഡോ. ജി. ഗണേഷ് ദാസ് (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്റർ (CEIIC)), ഡോ. ആർ. ഹരികുമാർ (ഡയറക്ടർ, ഇ.എം.സി), ശ്രീ. ജേക്കബ് പൗലോസ് (ഡയറക്ടർ സോഷ്യൽ ആൽഫ) എന്നിവർ പങ്കെടുത്തു.



കുട്ടനാട്ടിൽ പരമ്പരാഗതമായി കൃഷി ആവശ്യത്തിനായി ഉപയോഗിക്കുന്ന പെട്ടിയും പറയും

# ടെണ്ടറുകൾ ക്ഷണിച്ചു

**കുട്ടനാട്ടിൽ കൃഷി ആവശ്യത്തിനായി പാടശേഖരങ്ങളിലെ വെള്ളം പമ്പുചെയ്ത് കളയുവാൻ ഉപയോഗിക്കുന്ന 'പെട്ടിയും പറയ്ക്കും' പകരം ഉപയോഗിക്കാവുന്ന ഊർജ്ജ കാര്യക്ഷമമായ വെർട്ടിക്കൽ ആക്സിസ് ടർബയിൻ പമ്പുകൾക്കായി ടെണ്ടർ ക്ഷണിച്ചു.**

2020 മെയ് 16 ആണ് ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി. കുട്ടനാട് പ്രദേശത്തെ തിരഞ്ഞെടുത്ത 3 പാടശേഘരങ്ങളിലാണ് ഈ പമ്പുകൾ സ്ഥാപിക്കുന്നത്. 'പെട്ടിയും പറയ്ക്കും പകരമായി' ഊർജ്ജ കാര്യക്ഷമമായ പമ്പ് സ്ഥാപിക്കുന്നത് വഴി 30% ൽ അധികം ഊർജ്ജ ലാഭം പ്രതീക്ഷിക്കുന്നു.

**ഊർജ്ജകാര്യക്ഷമമമായ 1000 സീലിംഗ് ഫാനുകൾ വാങ്ങുന്നതിനായി ടെന്റർ ക്ഷണിച്ചു.**

2020 മെയ് 19 ആണ് ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി.

കൂടുതൽ വിവരങ്ങൾക്ക് എനർജി മാനേജ്മെന്റ് സെന്റർ വെബ്സൈറ്റ്, കേരള സർക്കാർ ഇ–ടെണ്ടർ വെബ്സൈറ്റ് എന്നിവ സന്ദർശിക്കുക.



നവഭാവന ചാരിറ്റബിൾ ട്രസ്റ്റിന്റെ ബി ഹൃദയകുമാരി സ്മാരക പുരസ്കാരത്തിന് എനർജി മാനേജ്മെന്റ് സെന്റർ ലൈബ്രേറിയൻ ശ്രീമതി. ഇ.എസ്. യമുന അർഹയായി. പുരസ്കാരം ഡോ. ജോർജ്ജ് ഓണക്കൂറിൽ നിന്നും സ്വീകരിച്ചു.

## 22–ാമത് നാഷണൽ സർട്ടിഫിക്കേഷൻ എക്സാമിനേഷൻ ഫോർ എനർജി മാനേജേഴ്സ് ആന്റ് ഓഡിറ്റേഴ്സ് 2022 ജൂലൈ 22, 23 തീയതികളിൽ

**BUREAU OF ENERGY EFFICIENCY**
(A Statutory body under Ministry of Power, Government of India)
4th Floor, Sewa Bhawan, R. K. Puram, New Delhi – 110066
Website: www.beeindia.gov.in, Ph: 011-26766700

Azadi Ka Amrit Mahotsav

**22nd NATIONAL CERTIFICATION EXAMINATION FOR ENERGY MANAGERS AND ENERGY AUDITORS 30th and 31st July, 2022**

Bureau of Energy Efficiency will hold the 22nd National Certification Examination for Energy Managers and Energy Auditors on **30th & 31st July, 2022** (Saturday and Sunday).

Prospectus can be downloaded from **www.aipnpc.org** as per the instructions given in the website. Link to the above website are also available at **www.beeindia.gov.in**

Commencement of Online Registration: 03rd May, 2022 at 10:00 hrs

Closure of Online Registration: 03rd June, 2022 at 23:59 hrs.

**(Secretary)**

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Tomson Sebastian (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256